بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

# SPEECH OF

**HADHRAT MUHYI-UD-DIN AL-KHALIFATULLAH**

*Munir Ahmad Azim*

*15 October 2015 ~*
*After the Salaat-ul-Maghrib & Esha*
*(02 Muharram 1437 Hijri)*

*Naya Saal Mubarak!*

## പുതുവർഷാശംസകൾ / ഹിജ്റ 1437

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം മുഹർറ മാസം എന്ന വിഷയത്തെ ആസ്പദമാക്കിയുളള പ്രഭാഷണം ആരംഭിച്ചു.

ഇസ്ലാമിക് കലണ്ടർ ആരംഭിക്കുന്നത് മുഹർറ മാസം കൊണ്ടാണ്. ഈ മാസത്തെ പരിശുദ്ധ മാസമായി കണക്കാക്കുന്നു. ഇന്നത്തെ മുസ്ലീങ്ങൾ നമ്മുടെ ഇസ്ലാമിക വർഷത്തിന്റെ മൂല്യം കണക്കിലെടുക്കുന്നില്ല എന്നതാണ് സത്യം. അവരിൽ ബഹുഭൂരിഭാഗവും നമ്മുടെ ഇസ്ലാമിക വർഷം ആരംഭിക്കുന്നതെന്നാണെന്ന് പോലും അറിയാത്തവരാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു.

إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ
حُرُمٌ ۚ ذَٰلِكَ الدِّينُ الْقَيِّمُ ۚ فَلَا تَظْلِمُوا فِيهِنَّ أَنفُسَكُمْ

**“ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച നാൾ (മുതൽ) അല്ലാഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം 12 ആകുന്നു. അവയിൽ നാലെണ്ണം ആദരണീയങ്ങളാണ്. (അവ ദുൽഖഅ്ദ്, ദുൽഹജ്ജ്, മുഹർറം, റജബ്) അതാണ് നിലനിൽക്കുന്ന നിയമവ്യവസ്ഥ. അതിനാൽ ആ (മാസങ്ങളിൽ) നിങ്ങൾ നിങ്ങളുടെ ആത്മാക്കളോട്, അക്രമം പ്രവർത്തിക്കരുത്.”** (9:36)

അല്ലാഹു (ത) നമുക്ക് ഒരു പരിശുദ്ധമായ മാസം നൽകിയിട്ടുണ്ട്. ഇസ്ലാമിക കലണ്ടറിനെ അടിസ്ഥാനമാക്കി ഒരു വർഷവും നൽകിയിട്ടുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ വളരെയധികം മുസ്ലീംകളും - വിശിഷ്യാ ഇവിടെ മൗറീഷ്യസിൽ - ഇത് കണക്കിലെടുക്കുന്നില്ല. എന്നാൽ പോപ്പ് ഗ്രിഗെറി പതിമൂന്നാമൻ ഏർപ്പെടുത്തിയ ഗ്രിഗോറിയൻ കലണ്ടറിനെയും ക്രിസ്ത്യൻ കലണ്ടറിനെയും അവർ വളരെ വലിയ പരിഗണന നൽകുകയും, ഡിസംബർ അവസാനത്തിൽ അവർ ആഘോഷിക്കുകയും ചെയ്യുന്നു. ഗ്രിഗോറിയൻ വർഷത്തെ വരവേൽക്കാനായി, അവർ ഷോപ്പിംഗിനു പോകുന്നു, മാത്രമല്ല, ഗവൺമെന്റ് ജീവനക്കാരും, പ്രൈവറ്റ് ജീവനക്കാരും, ഹോട്ടൽ തൊഴിലാളികളും, ഫാക്ടറി തൊഴിലാളികളും തുടങ്ങിയ

വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർ, ചായ സൽക്കാരങ്ങൾ സംഘടിപ്പിക്കുന്നു; മാത്രമല്ല അവർക്ക് വർഷാവസാന ബോണസ് ലഭിക്കുന്നു (അത് ഒന്നോ രണ്ടോ മാസത്തെ വേതനത്തിന് തുല്യമായ തുക വരും) ഇത് അവർക്ക് പുതുവർഷം ആഘോഷിക്കുവാനായി ചെലവഴിക്കുവാനും കഴിയുന്നു.

വർഷാവസാന സമയത്ത് (ഡിസംബറിൽ) വളരെയധികം ധനം അധികപ്പറ്റായി ചെലവഴിക്കുന്നതായി നാം കാണുന്നു. ജനങ്ങൾ തങ്ങൾക്ക് ലഭിച്ച ശമ്പളവും, ബോണസും, പടക്കങ്ങൾ വാങ്ങാനും, വെടിക്കെട്ട് നടത്തുവാനും, മദ്യം വാങ്ങുവാനും, സമ്മാനങ്ങൾ വാങ്ങുവാനും മറ്റും മറ്റുമായി ചെലവഴിക്കുന്നു. ആഘോഷം പുതുവർഷാരംഭം വരെയും തുടരുന്നു. അനേകം കുടുംബങ്ങൾ ഈ ദിനങ്ങളിൽ ഹോട്ടലിൽ തങ്ങുവാനാണ് ഇഷ്ടപ്പെടുന്നത്. അഥവാ ആഹാരവും മദ്യവും ധാരാളം ലഭിക്കുന്ന പ്രത്യേക സ്ഥലങ്ങളിൽ തങ്ങുവാനാണ് ഇഷ്ടപ്പെടുന്നത്. മദ്യപാനത്തെ സംബന്ധിച്ചിടത്തോളം, മുസ്ലീങ്ങളിലെ ബഹുഭൂരിഭാഗവും മദ്യവിഷം കഴിക്കാത്തവരാണ് എന്നത് സത്യമായ ഒരു വസ്തുതയാണ്; എന്നാൽ മറ്റു സമുദായങ്ങളിൽ ഈ ശീലം നിലനിൽക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം, അവർക്ക് മദ്യം കഴിക്കുക എന്നത് അവശ്യമായ ഒരു കാര്യമായിരിക്കുന്നു. കാരണം മദ്യമില്ലാതെ പുതുവർഷാഘോഷം പൂർണ്ണമാവുകയില്ല. നിങ്ങൾക്ക് സങ്കൽപ്പിക്കുവാൻ കഴിയും, എന്ത് മാത്രം ധനം നഷ്ടപ്പെടുത്തി കളയുന്നുവെന്ന്, പുതുവർഷാരംഭത്തിന് തൊട്ടുമുമ്പുള്ള ആഴ്ചയിലും, പുതുവർഷാരംഭ ദിനങ്ങളിലുമായി ! വിശിഷ്യാ പുതുവർഷാരംഭത്തിലെ ജനുവരി 1, 2, 3 ദിവസങ്ങളിലും അത് 6-ാം തീയതി വരെ തുടരാവുന്നതുമാണ്.

നിക്ഷേപം നടത്തേണ്ടത്, അത്യാവശ്യമാണ് എന്നത് സംബന്ധമായി ജനങ്ങൾ ബോധവാന്മാരല്ല. വ്യർത്ഥമായ കാര്യങ്ങൾക്കായി അവരുടെ ധനം തെറ്റായ നിലയിൽ ചെലവഴിച്ചുകളയുന്നു. സൽക്കാരാദികൾക്കും, പുതുവർഷാഘോഷ തയ്യാറെടുപ്പിനുമായി. ദൗർഭാഗ്യവശാൽ, മുസ്ലീങ്ങളും ഈ ആളുകളുടെ അതേ വൃത്തത്തിൽ പ്രവേശിച്ചിരിക്കുകയാണ്. അവരെയും അവരുടെ ആചാരങ്ങളെയും അവർ അനുകരിക്കുന്നു. അവരിൽ വളരെയധികം പേരും തഹജ്ജുദ് നമസ്ക്കാരത്തിനും, പ്രഭാത നമസ്ക്കാരത്തിനുപോലും നിശ്ചിത സമയം പാലിക്കാറില്ല. അവർ കുടുംബാംഗങ്ങളുമായും സ്നേഹിതരുമായും സൽക്കാരാദി കാര്യങ്ങളിൽ വ്യാപൃതരാണ്.

ഇതുമായി ബന്ധപ്പെട്ട്, മൗറീഷ്യസിൽ ഗവൺമെന്റ് രണ്ട് ദിവസത്തെ പൊതു അവധി നൽകിയിരിക്കുകയാണ് ജനുവരി 1 നും 2 നും. പ്രൈവറ്റ് സ്ഥാപനങ്ങളും മറ്റിതര സ്ഥാപനങ്ങളും 8 മുതൽ 10 വരെ ദിവസങ്ങൾ അവധി നൽകുകയാണ്. അവരുടെ തൊഴിലാളികൾക്ക് പുതു വർഷാരംഭ ആഘോഷങ്ങൾക്കായി ഇതുപോലെ മറ്റേതെങ്കിലും രാജ്യങ്ങളിൽ അവധി നൽകുന്നുണ്ടോ എന്നറിയല്ല. എന്നാൽ ഇസ്ലാമിക രാജ്യങ്ങളിൽ ഇപ്രകാരം ഉള്ളതായി ഞാൻ കരുതുന്നില്ല. ഏതായാലും ഇസ്ലാമിക രാജ്യങ്ങൾ അല്ലാത്ത രാജ്യങ്ങളിൽ ഉള്ളതിനെക്കാൾ കൂടുതൽ ഇല്ല!

മുസ്ലീംങ്ങൾ, അവർക്ക് അല്ലാഹു നൽകിയ, അവരുടെ മാസത്തേയും വർഷത്തെയും വേണ്ട നിലയിൽ പരിഗണിക്കുന്നില്ലാ എന്നത് വളരെ ദൗർഭാഗ്യകരമാണ്. വിശുദ്ധ ഖുർആനിലും, വിശുദ്ധ ഹദീസിലും അല്ലാഹു (ത) യും നമ്മുടെ പ്രിയപ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) യും പുതുവർഷത്തെ എങ്ങനെയാണ് നാം വരവേൽക്കണ്ടതെന്ന് നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. (മുഹർറം മാസത്തിൽ അത് ആരംഭിക്കുന്നു) ദൈവീക അദ്ധ്യാപനങ്ങളും പ്രവാചക അദ്ധ്യാപനങ്ങളും നമ്മെ പ്രേരിപ്പിക്കുന്നു, നിങ്ങൾ മറ്റു മതങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ആചരിക്കരുത്. (അവരുടെ ആഘോഷം, ഡാൻസ്, പാട്ടുകൾ, സംഗീതം തുടങ്ങിയവ) എന്നാൽ നാം ഒരുമിച്ച് കൂടേണ്ടത് പ്രാർത്ഥനയ്ക്കായിരിക്കണം. അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുവാനായിരിക്കണം. നാം മുസ്ലീംകൾ മറ്റു ജനതകളിൽ നിന്നും മത സമൂഹങ്ങളിൽ നിന്നും, വിഭിന്നമാണ്. നമ്മുടെ വർഷം ആരംഭിക്കുന്നത് മുഹർറം മാസത്തോടെയാണ്. ആയതിനാൽ ഒരു ആത്മീയ സ്നാനത്തിൽ പ്രവേശിക്കണം. അത് നമ്മുടെ കടമയാണ്. അത് പ്രത്യേക ഇബാദത്തിലൂടെയായിരിക്കണം. അത് നമുക്ക് നമ്മുടെ പ്രിയ പ്രവാചകൻ (സ) പഠിപ്പിച്ചു തന്നിട്ടുണ്ട്. അങ്ങനെയായാൽ നാം ദൈവീക അനുഗ്രഹങ്ങളാൽ ധന്യരാകും. നടന്നു കൊണ്ടിരിക്കുന്ന വർഷവും, തുടർന്ന് ഭൂമിയിൽ നാം എത്രനാൾ

ഉണ്ടോ അത്രയും നാൾ! ആയതിനാൽ ചന്ദ്രൻ ദൃശ്യമായാൽ (മാസപ്പിറവി കണ്ടാൽ) രണ്ട് റക്ക അത്ത് നഫ്ൽ നമസ്ക്കരിക്കുക. ഓരോ റക്കഅത്തിലും സൂറ അൽഫാത്തിഹായ്ക്ക് ശേഷം 11 പ്രാവശ്യം സൂറഃഅൽ ഇഖ്ലാസ് ഓതുക. എന്നിട്ട് വ്യക്തിപരമായ നിലയിലും, നിങ്ങളുടെ കുടുംബത്തിനുവേണ്ടിയും മുഹമ്മദ് നബി (സ) യുടെ മുഴുവൻ ഉമ്മത്തിനുവേണ്ടിയും പുതുവർഷത്തേക്ക് വേണ്ടിയും ദു ആ ചെയ്യുക.

മുഹർറം എന്ന അറബി വാക്ക് ഹറാം എന്ന വാക്കിൽ നിന്നുമാണ്. നിഷിദ്ധമായത് / തടയപ്പെട്ടത് എന്നാണർത്ഥം. എന്തുകൊണ്ടാണ് അത്തരം ഒരു പേര് കലണ്ടറിലെ ആദ്യമാസത്തിൽ അൽപം കർക്കശമായ നിലയിൽ കാണപ്പെടുന്നത് ? അതുപോലെ നാം കാണുന്നു. ഉദാഹരണത്തിന്, പ്രത്യേകിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) മക്കാ പള്ളിയെ വിളിക്കുന്നത് **'മസ്ജിദുൽ ഹറാം' എന്നാകുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ നിഷിദ്ധമാക്കപ്പെട്ട പള്ളി. അതുപോലെ പുരുഷ തീർത്ഥാടകർ, മക്കയുടെ പ്രാന്ത പ്രദേശത്ത് വെച്ച് ധരിക്കുന്ന വസ്ത്രത്തിന് 'ഇഹ്റാം' എന്നാണ് പറയുന്നത്. അർത്ഥം നിഷിദ്ധമാക്കപ്പെട്ടത്. ഇഹ്റാം കെട്ടിയ ഒരാൾക്ക് 'മുഹ്രിം' എന്നാണ് പറയുന്നത്. '** നിഷിദ്ധമാക്കപ്പെട്ടവൻ എന്നർത്ഥം.

ഈ പേരുകൾക്കെല്ലാം ഒരേ അർത്ഥം ലഭിക്കുന്നതിന്റെ കാരണങ്ങൾ ആരാഞ്ഞാൽ, കാര്യം നിസ്സാരമാണ്. മക്കയിലെ ഈ വലിയ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം, ഇസ്ലാമിന്റെ ആഗമനത്തിന് മുമ്പ്, വിഗ്രഹങ്ങളാൽ നിറയപ്പെട്ടിരുന്നു. അവിടെയുണ്ടായിരുന്ന വിഗ്രഹാരാധകർ അല്ലാഹുവിന്റെ ഏകത്വത്തെ പരിപൂർണ്ണമായി നിരാകരിച്ചിരുന്നു. വിഗ്രഹാരാധനയെ ഉന്മൂലനം ചെയ്യുവാനാണ് ഇസ്ലാം ആഗതമായത്. ഈ പരിശുദ്ധ പള്ളിയെ ശുദ്ധീകരിക്കുവാനുമാണ് ഇസ്ലാമിന്റെ വരവ്! ഹറാം എന്ന വാക്കിന് പരിശുദ്ധമായ എന്നും അർത്ഥമുണ്ട്.

തീർത്ഥാടന വേളയിൽ ഹാജിമാർ അണിയുന്ന വസ്ത്രത്തിലൂടെ, എല്ലാവിധ പാപങ്ങൾ ചെയ്യുന്നതിൽ നിന്നും അവനെ തടയപ്പെട്ടിരിക്കുന്നു. സാധാരണ സന്ദർഭങ്ങളിൽ ചെയ്യുന്ന കാര്യങ്ങളിൽ നിന്നുപോലും തടയപ്പെട്ടിരിക്കുന്നു. തന്റെ ഭാര്യയുമായി ബന്ധപ്പെടുന്നതിനുപോലും! അങ്ങനെ, തീർത്ഥാടന സമയത്ത് പരിശുദ്ധിയുടെ ആ അവസ്ഥയിൽ പ്രവേശിച്ച ശേഷം (ഇഹ്റാം) സാധാരണ അനുവദനീയമായ കാര്യങ്ങൾ പോലും അവന് തടയപ്പെട്ടിരിക്കുന്നു. മുഹർറം മാസത്തിൽ ഇപ്പോൾ ഞാൻ വിശദീകരിച്ചതുപോലെ, മുഹർറം എന്ന വാക്ക് അറബിക് വാക്കായ ഹറാമിൽ നിന്നുമാണ് എടുത്തിട്ടുള്ളത്, അതിന്റെ അർത്ഥം തടയുക/ നിരോധിക്കുക എന്നാകുന്നു. അതുകൊണ്ട് മുഹർറം മാസത്തെ വെടിക്കെട്ടിനാലും, മദ്യലഹരിയാലും, സംഗീതത്താലും, പാട്ടുകളാലും, നൃത്തങ്ങളാലും സ്വാഗതം ചെയ്യുന്നത് ഹറാമാക്കിയിരിക്കുന്നു. അതുപോലെതന്നെ, മുഹർറം മാസത്തിന് പ്രത്യേക അവധി ദിനമോ, ശമ്പള ബോണസോ ഇല്ല. ഇത് തികച്ചും വ്യത്യസ്തമായ ഒന്നാണ്.

മുഹർറത്തിന്റെ വരവോടെ, പ്രഥമ ദിനത്തിൽ വ്രതാനുഷ്ഠാനത്തിലായിരിക്കുവാൻ ശുപാർശ ചെയ്യുകയാണ്. പകൽ സമയങ്ങളിൽ രണ്ട് റക്ക അത്ത് വീതം നഫ്ൽ നമസ്ക്കാരം അനുഷ്ഠിക്കുന്നത് വളരെ ഗുണപ്രദമാണ്. വർഷത്തിലുടനീളമുള്ള പ്രയാസങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും ഇത് നമ്മെ സംരക്ഷിച്ചു നിർത്തുന്നു. മുഹർറ മാസം,ഒരു പുതുവർഷാരംഭം കുറിക്കുകയാണ്. ആ ദിനം ധാർമ്മിക ചിന്തയിലൂടെ ആരംഭം കുറിക്കുമ്പോൾ, പുതുവർഷത്തിൽ യാതൊരു വിധ തെറ്റുകളും ചെയ്യാതിരിക്കുവാനുള്ള ഒരു കാരണം കൂടിയാകുന്നു; ആ മാസത്തിന്റെ പേര് തന്നെ അതാണ് നമ്മെ പഠിപ്പിക്കുന്നത്.

മാത്രമല്ല, ഈ മാസത്തിലാണ് ആഷൂറാഅ്ദിനം (കൂടിയാലോചനാ ദിനം) ശ്രേഷ്ഠദിനമായ മുഹർറം 10 ആഘോഷിക്കപ്പെടുന്നു എന്ന പ്രത്യേകതയുമുണ്ട്. ഹസ്രത് ഹഫ്സ (റ) പ്രവാചക പ്രഭു (സ) ന്റെ ധർമ്മ പത്നി വിവരിച്ചിരിക്കുന്നു. മുഹർറം 10 ആഷൂറാഅ് ദിനത്തിൽ നബി (സ) വ്രതമനുഷ്ഠിക്കൽ പതിവാക്കിയിരുന്നു. ഇമാം മുസ്ലീമിന്റെ ഹദീസ് ക്രോഡീകരണത്തിൽ പറയുന്നു ഹസ്രത് അബ്ദുല്ലാ ഇബ്നു അബ്ബാസ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആഷൂറാ ദിനത്തിൽ നബി (സ) വ്രതമനുഷ്ഠിച്ചപ്പോൾ അദ്ദേഹം തന്റെ അനുയായികളോടും ആ ദിനത്തിൽ വ്രതമനുഷ്ഠിക്കുവാൻ ഉപദേശിക്കുകയുണ്ടായി.

ഇതുമാത്രമല്ല, സയ്യിദുശ്ശുഹദാഅ് ആയ ഇമാം ഹുസൈൻ (റ) ഹിജ്റ 61 മുഹർറം 10 നാണ് കർബല മൈദാനിയിൽ വച്ച് അദ്ദേഹത്തിന്റെ അനേകം അനുചരന്മാരോടൊപ്പം രക്തസാക്ഷിത്വം വരിച്ചത്. അങ്ങനെ ഇസ്ലാമിന്റെ യഥാർത്ഥ വിശ്വാസം കാത്തുസൂക്ഷിക്കുവാനായി, മുസ്ലീം ആത്മീയ വാദികൾ, (ഈ രക്തസാക്ഷിത്വ ദിനത്തെ) മുഹർറം 10 നെ ദുഃഖദിനമായും ആചരിക്കുന്നു.

എന്റെ പ്രഭാഷണം അവസാനിപ്പിക്കുന്നതിന് മുമ്പ്, മിശ്ക്കാത്തിലെ ഒരു ഹദീസ് കൂടി ഓർമ്മപ്പെടുത്തട്ടെ. ഹസ്രത് അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് (റ) വിവരിച്ചിരിക്കുന്നു. നബി (സ) പറഞ്ഞു. അല്ലാഹുവിന്റെ തൃപ്തികാംഷിച്ചുകൊണ്ട് ആഷൂറാഅ് ദിനത്തിൽ സദഖ ചെയ്യുന്ന മുസ്ലീംങ്ങളുണ്ട്. അല്ലാഹു (ത) തിരിച്ചു വാഗ്ദാനം ചെയ്യുന്നു. ഇത്തരം ആളുകളുടെ ഒരു വർഷത്തെ നിത്യോപയോഗ സാധനങ്ങളിൽ അല്ലാഹു(ത) അനുഗ്രഹങ്ങൾ ചൊരിയുന്നതാണ്.

അല്ലയോ മുസ്ലീങ്ങളെ ! അല്ലാഹു (ത) നിങ്ങളോട് കൽപ്പിച്ചതിനെ ആദരിക്കുക. അല്ലാഹു (ത) നിങ്ങൾക്ക് ഒരു ഇസ്ലാമിക വർഷം തന്നിരിക്കുന്നു. അത് മുഹർറ മാസത്തോടെ ആരംഭിക്കുന്നു. ഇതൊരു സാധാരണ കാര്യമായി കണക്കാക്കരുത്. മറ്റാളുകളുടെ വർഷവസാനത്തിന് അഥവാ പുതുവർഷാരംഭത്തിന് നിങ്ങൾ പ്രാധാന്യം കൊടുക്കരുത്! അവരുടെ ആചാരങ്ങൾ പിന്തുടരരുത്! നിശ്ചയമായും അല്ലാഹു അത് വെറുക്കുന്നു. നാം അവന്റെ ദൈവീക നിർദ്ദേശങ്ങളെ നിരാകരിക്കുമ്പോൾ, അതായത് വ്രതമനുഷ്ഠിക്കുന്നതിനെ എന്നിട്ട് പകരം ബിദ്അത്തുകളും മറ്റാചാരങ്ങളും അനുഷ്ഠിക്കുമ്പോൾ, നാം മനസ്സിലാക്കണം ഇത് ഇസ്ലാമിന്റെ പരിശുദ്ധമായ അധ്യാപനങ്ങൾക്കെതിരാണെന്ന് ! അതുപോലെ അമിത വ്യയം പാടില്ല! ഇത് അല്ലാഹുവിന്റെ കോപത്തിനിരയാക്കുന്നതാണ്; നിങ്ങളുടെ ധനത്തിൽ അനുഗ്രഹമുണ്ടാവില്ല, നിങ്ങളുടെ ഭവനത്തിൽ അനുഗ്രഹമുണ്ടാവില്ല; നിങ്ങളുടെ സാധനങ്ങളിൽ അനുഗ്രഹമുണ്ടാവില്ല!

അതുകൊണ്ട് ഞാൻ നിങ്ങൾക്കെല്ലാപേർക്കുമായി പ്രാർത്ഥിക്കുന്നു. ഈ പ്രഭാഷണത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ഹൃദയങ്ങളെ അല്ലാഹു (ത) പ്രകാശപൂരിതമാക്കട്ടെ! മുഹർറ മാസത്തിന്റെ പ്രാധാന്യവും മൂല്യവും നിങ്ങൾക്ക് മനസിലാകട്ടെ ! ഞാൻ നിങ്ങൾക്കെല്ലാപേർക്കും ഒരു പുതുവർഷം ആശംസിക്കുന്നു; 1437 ഹിജ്രി. (നയാ സാൽ മുബാറക്ക്) ഈ വർഷത്തിലുടനീളം അല്ലാഹു (ത) അവന്റെ അനുഗ്രഹങ്ങളും സംരക്ഷണവും നമുക്ക് നൽകട്ടെ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************